**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 365** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതിയിൻ പ്രകാരം ഭൂമി അനുവദിച്ച് നൽകുന്നു. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. അപേക്ഷകൻ ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളായിരിക്കണം.<br>2. അപേക്ഷകൻ, ഭാര്യ/ഭർത്താവ് പേരിൽ സ്വന്തമായി ഭൂമി ഇല്ലായെന്ന സാക്ഷ്യപത്രമം ഹാജരക്കേണ്ടതാണ്.<br>3. പാരമ്പര്യ സ്വത്തായി 3 സെന്റിൽ കൂടുതൽ ഭൂമി കിട്ടാനില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>4. പ്രായപരിധി 60 വയസ്സ്.<br>5. വരുമാന പരിധി 50,000/- രൂപ<br>6. വകുപ്പിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ സർക്കാർ വകുപ്പുകളിൽ നിന്നോ മുൻപ് ഭൂമി വാങ്ങുന്നതിനു ധനസഹായം ലഭിക്കാത്ത കുടുംബമായിരിക്കണം. |
| (ബി) | ഭൂരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഒരേക്കർ കൃഷി ഭൂമി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ/ ചക്ലിയൻ എന്നിവർക്ക് ഉപജീവന മാർഗ്ഗമെന്ന നിലയിൽ ഇരുപത്തിയഞ്ച് സെൻറ് കൃഷിഭൂമി വാങ്ങുന്നത്തിനായി പത്ത് ലക്ഷം രൂപ അനുവദിച്ചു വരുന്നു |

| | | | |
|---|---|---|---|
| | | | ഭൂരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഒരേക്കർ കൃഷി ഭൂമി വിതരണം ചെയ്യുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ